**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5229** **12-08-2021 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി കാനത്തിൽ ജമീല | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സമ്പദ് വ്യവസ്ഥയെ കോവിഡ് നിശ്ചലമാക്കിയതിനാൽ നികുതി, നികുതിയിതര വരുമാനം ഗണ്യമായി കുറയാൻ ഇടയാക്കിയപ്പോഴും റവന്യൂ ചെലവ് ഏറെ വർദ്ധിപ്പിക്കേണ്ടി വന്നിട്ടുണ്ടോ; കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം അറിവായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കോവിഡ്-19 നേരിടുന്നതിനുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി അധിക വിഹിതം വിവിധ സെക്ടറുകൾക്കായി അനുവദിക്കേണ്ടി വന്നതുമൂലം റവന്യൂ ചെലവിനത്തിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP യുടെ 5 ശതമാനമായി ഉയർത്തി ഉപാധികളില്ലാതെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് മറുപടിയൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | മുഖ്യ നികുതിയിതര റവന്യൂ സ്രോതസ്സായ സ്റ്റേറ്റ് ലോട്ടറി രംഗത്ത് ഇതര സംസ്ഥാന ലോട്ടറി തട്ടിപ്പുകാർ കടന്നുകയറാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പുകാരുടെ സംസ്ഥാനത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ 2018 ൽ കേരള സംസ്ഥാന ലോട്ടറീസ് (റെഗുലേഷൻ) ഭേദഗതി റൂൾസ് കൊണ്ടുവന്നിട്ടുണ്ട്. ഈ റൂൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ നടത്താൻ സാധിക്കുകയില്ല. നാഗാലാന്റ് ലോട്ടറിയുമായി ബന്ധപ്പെട്ട് റൂളുകളുടെ നിയമസാധുത ചോദ്യം ചെയ്തിരുന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്രസ്തുത റൂളുകളുടെ ഭരണഘടനാ സാധുത ശരി വെച്ചിരുന്നു (റൂൾ 4(4) ഒഴികെ), കൂടാതെ SRO നമ്പർ 470/2017/ തീയതി.27/07/2017 പ്രകാരം കേരള GST ഡിപ്പാർട്ട്മെന്റ് നിഷ്കർച്ചിരിക്കുന്ന ഇൻഫർമേഷൻ റിട്ടേൺ സമർപ്പിച്ച് സർക്കാർ അനുമതിയോടുകൂടി മാത്രമേ കേരളത്തിൽ ലോട്ടറി നടത്താൻ കഴിയുകയുള്ളൂ. |
| (സി) | ജി.എസ്.ടി. വിൽപന നികുതി ഉൾപ്പെടെ വിവിധ നികുതികളുടെ ചോർച്ച തടയാനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി നികുതി പിരിവ് ചോർച്ചരഹിതമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; | (സി) | ജി.എസ്.ടി.എൻ. ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ചരക്കുകളും സേവനങ്ങളും തരം തിരിച്ച് വിശകലനം ചെയ്യുന്നതിനുള്ള ഡാറ്റ അനലിറ്റിക്സ്, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സംവിധാനം, ജി.എസ്.ടി. രജിസ്ട്രേഷനുകളുടെ ആധികാരികത പരിശോധിക്കാനും, രജിസ്ട്രേഷൻ എടുക്കാത്തവരുടെ വിവരശേഖരത്തിനായുള്ള മൊബൈൽ ആപ്പുകൾ, ഗുഡ്സ് വാഹന സർവെയ്ലൻസിന് വേണ്ടിയുള്ള ഇന്റലിജന്റ് എൻ.പി.ആർ സിസ്റ്റം, ജില്ലാ സൈബർ ഫോറൻസിക് ലാബുകൾ, വെഹിക്കിൾ മൗണ്ടഡ് ക്യാമറയും, ജി.പി.എസ് സർവെയ്ലൻസ് സിസ്റ്റവും, തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അനിവാര്യമായതൊഴികെയുള്ള സർക്കാർ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ